## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472 — 27.09.2011-ൽ മറുപടിയ്ക്ക്

### മറയൂർ മേഖലയിലെ ചന്ദന മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ് | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഒറ്റപ്പെട്ട ചന്ദന മോഷണങ്ങൾ നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത്തരം മോഷണം തടയുന്നതിനും നമ്മുടെ വന സമ്പത്ത് സംരക്ഷിക്കുന്നതിനുമായി മറയൂർ മേഖലയിൽ പരീക്ഷണാർത്ഥം രഹസ്യ ക്യാമറയും, മരങ്ങളിൽ ഇലക്ട്രോണിക് ചിപ്പും വയ്ക്കുന്ന സാങ്കേതിക സംവിധാനം നടപ്പിലാക്കാൻ വിദഗ്ദ്ധരുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. ചന്ദനമര മോഷണം തടയുന്നതിന്റെ ഭാഗമായി ചന്ദനമരങ്ങളുടെ കണക്കെടുപ്പിനായി പരീക്ഷണാർത്ഥം ഇലക്ട്രോണിക് ചിപ്പ് പിടിപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) 2006 മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഇനിയും പിടിക്കാനുള്ള പ്രതികളെ അടിയന്തിരമായി പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിച്ചുവരുന്നു. |
| (ഡി) തൊണ്ടി മുതലായി പിടിക്കപ്പെടുന്ന ചന്ദനം, മോഷ്ടാക്കളിൽ നിന്ന് കണ്ടെടുക്കുന്ന വാഹനങ്ങൾ എന്നിവയിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) തൊണ്ടിമുതലായി കണ്ടുകെട്ടുന്ന ചന്ദനം ചെത്തിമിനുക്കി കോടതിയുടെ അനുമതിയോടെ ലേലത്തിൽ വിറ്റുവരുന്നു. മോഷ്ടാക്കളിൽനിന്നും പിടിച്ചെടുക്കുന്ന വാഹനങ്ങൾ 1961-ലെ കേരള വനനിയമം സെക്ഷൻ 61 പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടി പരസ്യമായി ലേലം ചെയ്തു വിൽക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ